**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2035** **05-02-2026 - ൽ മറുപടിയ്ക്ക്**

**അഴിമതി ആരോപിതനായ ഐ. എഫ്. എസ്. ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | അഖിലേന്ത്യ സർവീസിലെ ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത്, 1958 ലെ ഐ.എ.എസ് ( ഡി.സി.ആർ. ബി.) റൂൾ പ്രകാരമല്ലേയെന്ന് വ്യക്തമാക്കാമോ; | (എ) | അതെ. |
| (ബി) | തിരുവനന്തപുരം വന ഡിവിഷനിൽ പാലോട് റേഞ്ചിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ജണ്ട നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട് കുറ്റാരോപിതനായ ഐ.എഫ്. എസ്. ഉദ്യോഗസ്ഥന് 1958 ലെ റൂൾ, ചട്ടം 6(1) b(i) ലംഘിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ വിവരങ്ങൾ വ്യക്തമാക്കാമോ; | (ബി) | വിരമിക്കുന്ന സമയത്ത് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലാത്തതിനാൽ ധനവകുപ്പിന്റെ 08/05/2023-ലെ സ.ഉ. (അച്ചടി) നം. 46/2023/ധന നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന Annexure 2(a) പ്രകാരമുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ 29/08/2025-ലെ സ.ഉ. (സാധാ) നം. 7004/2025/ ധന നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച പരാതി പരിശോധിച്ച് വരുന്നു. |
| (സി) | നിലവിലെ ചട്ടം ലംഘിച്ചു പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് അന്വേഷണത്തിൽ വ്യക്തമായാൽ നൽകിയ തുക തിരികെ സർക്കാരിലേക്ക് വസൂലാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | വിരമിക്കുന്ന സമയത്ത് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലാത്തതിനാൽ ധനവകുപ്പിന്റെ 08/05/2023-ലെ സ.ഉ. (അച്ചടി) നം. 46/2023/ധന നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന Annexure 2(a) പ്രകാരമുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ 29/08/2025-ലെ സ.ഉ. (സാധാ) നം. 7004/2025/ ധന നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച പരാതി പരിശോധിച്ച് വരുന്നു. |
| (ഡി) | ചട്ടം ലംഘിച്ചു പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കുവാനും അച്ചടക്ക നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ; വിശദമാക്കാമോ? | (ഡി) | വിരമിക്കുന്ന സമയത്ത് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലാത്തതിനാൽ ധനവകുപ്പിന്റെ 08/05/2023-ലെ സ.ഉ. (അച്ചടി) നം. 46/2023/ധന നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന Annexure 2(a) പ്രകാരമുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ 29/08/2025-ലെ സ.ഉ. (സാധാ) നം. 7004/2025/ ധന നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ |

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച പരാതി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ